**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 237** **07-06-2021 - ൽ മറുപടിയ്ക്ക്**

**കോവിഡ് - 19 സൗജന്യ വാക്സിൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.എം.സച്ചിൻദേവ്** | | **Smt Veena George<br>(ആരോഗ്യവും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)** | |
| (എ) | കോവിഡ് - 19 മഹാമാരിയെ പ്രതിരോധിക്കുന്നതിനായി എല്ലാവർക്കും സൗജന്യമായി വാക്സിൻ നൽകുന്നതിനായി സംസ്ഥാന സർക്കാർ സ്വീകരിച്ച നടപടികൾ ഏതൊക്കെയാണെന്നറിയിക്കാമോ; | (എ) | 18 മുതൽ 45 വയസ്സ് വരെ പ്രായമുള്ളവർക്ക് സൗജന്യ കോവിഡ് വാക്സിൻ ലഭ്യമാക്കുക എന്ന സംസ്ഥാന സർക്കാർ നയത്തിന്റെ അടിസ്ഥാനത്തിൽ 70 ലക്ഷം കോവിഷീൽഡ് വാക്സിനും 30 ലക്ഷം കോവാക്സിൻ വാക്സിനും വാങ്ങുന്നതിന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ, കമ്പനികൾക്ക് ഓർഡർ നൽകിയതിൽ ഇതുവരെ (01.06.2021) 8,84,290 ഡോസുകൾ ലഭിച്ചു. 45 വയസ്സിന് മുകളിലുള്ളവർക്ക് വാക്സിൻ നൽകുന്നത് കേന്ദ്ര സർക്കാരാണ്. തുടക്കത്തിൽ സംസ്ഥാനത്ത് 133 വാക്സിനേഷൻ സെഷൻ ആരംഭിച്ചിരുന്നു. അത് വളരെ വേഗം തന്നെ ഏകദേശം 1000 ത്തോളം സെഷനായി വർദ്ധിപ്പിക്കുകയുണ്ടായി. 07/06/2021 വരെ കേന്ദ്രം 95,33,830 ഡോസ് വാക്സിൻ നൽകിയിട്ടുണ്ട്. കേന്ദ്ര സർക്കാരിൽ നിന്നും സംസ്ഥാന സർക്കാർ വീണ്ടും കോവിഡ് വാക്സിൻ ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ വാക്സിനുകൾ വാങ്ങുന്നതിന് ആഗോള ടെൻഡർ ക്ഷണിക്കുന്നതിന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനെ ചുമതലപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ തുടർനടപടികൾ സ്വീകരിച്ചിരുന്നു. വാക്സിന്റെ ഉപയോഗത്തിനൊത്ത് കേന്ദ്ര സർക്കാർ വിതരണം ചെയ്യാത്തതിനാൽ മാർച്ച് 10 ന് കേരള സർക്കാർ 50 ലക്ഷം ഡോസ് വാക്സിൻ ആവശ്യപ്പെട്ടു. അന്നേ ദിവസം വരെ 37,78,050 ഡോസ് വാക്സിൻ മാത്രമേ ലഭ്യമായിരുന്നുള്ളൂ. ഏപ്രിലോട് കൂടി ദിവസേന 2 ലക്ഷത്തിന് മുകളിൽ വാക്സിൻ ഉപയോഗം നടത്തുകയും ഇത് 3 ലക്ഷം ആക്കണം എന്ന ഉദ്ദേശത്തോട് കൂടി ഏപ്രിൽ 12 ന് സർക്കാർ 50 ലക്ഷം ഡോസ് വാക്സിൻ വീണ്ടും ആവശ്യപ്പെട്ടു. സംസ്ഥാനത്ത് വാക്സിനേഷൻ യജ്ഞത്തിന്റെ വേഗത കൂട്ടുന്നതിനായി കൂടുതൽ |

| | | | |
|---|---|---|---|
| | | | വാക്സിൻ ഡോസുകൾ കേന്ദ്രം അനുവദിക്കണമെന്നും വാക്സിൻ കേന്ദ്രം സൗജന്യമായി നൽകുമെന്ന നയം സ്വീകരിക്കണമെന്നും വിവിധ കത്തുകളിലൂടെ ബഹു. മുഖ്യമന്ത്രി ബഹുമാനപ്പെട്ട പ്രധാനമന്ത്രിയോട് അഭ്യർത്ഥിച്ചിരുന്നു. |
| (ബി) | വാക്സിൻ വിതരണത്തിനായി സർക്കാർ നിശ്ചയിച്ച മുൻഗണനകൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | കോവിഡ് വാക്സിൻ തുടക്കം മുതൽ (2021 ജനുവരി 16 മുതൽ) നൽകുന്നത് കേന്ദ്ര സർക്കാരാണ്. തുടക്കത്തിൽ ആരോഗ്യ മേഖലയിൽ പ്രവർത്തിക്കുന്നവർക്കാണ് വാക്സിൻ നൽകിയത്. അതിന് ശേഷം മുന്നണി പോരാളികൾക്ക് (പോലീസ്, തദ്ദേശ സ്വയംഭരണം, റവന്യൂ) ഫെബ്രുവരി 11 മുതലാണ് വാക്സിൻ നൽകിയത്. അടുത്ത ഘട്ടമായി മാർച്ച് 1 മുതൽ, 60 വയസ്സ് കഴിഞ്ഞവർക്കും, മറ്റ് അനുബന്ധരോഗങ്ങൾ ഉള്ള 45 വയസ്സിന് മുകളിലുള്ളവർക്കും നൽകി തുടങ്ങി. ഏപ്രിൽ 1 മുതൽ 45 വയസ്സിന് മുകളിലുള്ള എല്ലാവർക്കും നൽകി തുടങ്ങി. ഇത്രയും ജനങ്ങൾക്കുള്ള വാക്സിൻ കേന്ദ്ര സർക്കാർ സൗജന്യമായി എല്ലാ സംസ്ഥാനങ്ങൾക്കും നൽകി വരുന്നു. വാക്സിൻ വിതരണം ഓരോ age group നും ഓരോ സംസ്ഥാനത്തിന്റെ ടി age group ലെ അർഹരായ ജനസംഖ്യയുടെ എണ്ണത്തിനനുസരിച്ചാണ് കേന്ദ്ര സർക്കാർ വാക്സിൻ നൽകി വരുന്നത്. ഇത് പ്രകാരം കേരളത്തിൽ ആവശ്യമായ വാക്സിനുകൾ രാജ്യത്തെ ലഭ്യത അനുസരിച്ച് കേന്ദ്ര സർക്കാർ നൽകി വരുന്നു. ഇത്‌വഴി ലഭിച്ച വാക്സിൻ കേരളത്തിൽ എല്ലാ ജില്ലകളിലും ജില്ലകളുടെ ആവശ്യപ്രകാരവും വാക്സിൻ ലഭ്യത അനുസരിച്ചും നൽകി വരുന്നു. 18 - 44 വയസ്സ് വരെയുള്ളവർക്ക് വാക്സിൻ സൗജന്യമായി നൽകുവാൻ സംസ്ഥാന സർക്കാർ തീരുമാനിച്ചിരുന്നു. ഈ വിഭാഗത്തിൽപ്പെട്ടവരിൽ കോവിഡ് രോഗികളുമായി നിരന്തരം സമ്പർക്കം പുലർത്തുന്ന വിഭാഗത്തിലുള്ളവരെയാണ് മുന്നണിപ്പോരാളികളായി കണക്കാക്കി മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തി കോവിഡ് വാക്സിനേഷൻ നൽകുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുള്ളത്. 19/05/2021 ലെ സർക്കാർ ഉത്തരവ് GO (Rt) നമ്പർ 1102/ 2021 / H&FWD പ്രകാരം 32 വിഭാഗങ്ങളിലെ 18-44 വയസ്സിനിടയിലുള്ളവരെ മുൻനിര പോരാളികളായി കണക്കാക്കി മുൻഗണനവിഭാഗത്തിൽ ഉൾപ്പെടുത്തി വാക്സിനേഷൻ നൽകുവാൻ ഉത്തരവായിട്ടുണ്ട്. കൂടാതെ 24/5/2021 ലെ സർക്കാർ ഉത്തരവ് GO (Rt) നമ്പർ 1114/ 2021 / H&FWD പ്രകാരം 11 വിഭാഗങ്ങളെ കൂടി ഇത്തരത്തിൽ ഉൾപ്പെടുത്തുകയുണ്ടായി. വിവിധ |

| | | | |
|---|---|---|---|
| | | | വിഭാഗങ്ങളിൽ നിന്നുള്ള അപേക്ഷകൾ പരിശോധിച്ച് 2/6/2021 ലെ സർക്കാർ ഉത്തരവ് G.O (Rt) നമ്പർ 1179/2021 / H&FWD പ്രകാരം, 13 വിഭാഗങ്ങളെ കൂടി ഉൾപ്പെടുത്തുകയുണ്ടായി. ഇതോടൊപ്പം തന്നെ 18 - 44 പ്രായപരിധിയിലുള്ള അനുബന്ധ രോഗമുള്ളവർക്കും സർക്കാർ ചെലവിൽ വാക്സിൻ സൗജന്യമായി നൽകി വരുന്നു. കേരള സർക്കാരിന്റെ തീരുമാന പ്രകാരം കോവിഡ് രോഗികളുമായി നിരന്തരം സമ്പർക്കം പുലർത്തുന്ന വിഭാഗത്തിലുള്ളവരെയാണ് മുന്നണിപ്പോരാളികളായി സർക്കാർ കണക്കാക്കിയിരിക്കുന്നത്. 2/6/2021 വരെ 56 വിഭാഗത്തിൽപ്പെട്ടവരെ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (സി) | കോവിഡ് 19-നെ ചെറുക്കുന്നതിനായി സംസ്ഥാന സർക്കാർ സ്വന്തമായി വാക്സിൻ ഉൽപാദിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ നടപടികൾ ഏതുവരെയായി എന്നറിയിക്കാമോ? | (സി) | പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ